# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5099** **20-07-2022 - ൽ മറുപടിയ്ക്ക്**

### ഭൂമിയുടെ അളവിൽ കുറവ് വന്നത് പരിഹരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങളായി നികുതി അടച്ച് കൊണ്ടിരിക്കുന്ന രേഖ പ്രകാരമുള്ള ഭൂമി സ്വകാര്യ ആവശ്യത്തിന് അളന്നപ്പോൾ 50 സെന്റിലധികം കുറവ് വരുന്നുണ്ടെങ്കിൽ ഭൂ ഉടമയ്ക്ക് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരള സർവ്വെ അതിരടയാള ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഫോറം 8 ൽ കൈവശഭൂമി സ്ഥിതി ചെയ്യുന്ന താലൂക്കിലെ ഭൂരേഖ തഹസിൽദാർക്ക് അപേക്ഷ നൽകാവുന്നതാണ്. ആയതനുസരിച്ച് ഭൂരേഖ തഹസിൽദാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സർക്കാരിൽ പരാതിപ്പെടാനോ മറ്റെന്തെങ്കിലും നിയമനടപടിക്കോ സാധ്യതയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സർക്കാരിന് പരാതി സമർപ്പിക്കാവുന്നതാണ്. അതിർത്തി സംബന്ധമായും മറ്റും തർക്കം നിലനിൽക്കുന്ന പക്ഷം റവന്യൂ വകുപ്പ് മുഖാന്തിരം പ്രശ്നം പരിഹരിക്കപ്പെട്ടില്ലെങ്കിൽ സിവിൽ കോടതിയെ സമീപിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പ്രശ്നം വില്ലേജ് ഓഫീസ് മുഖാന്തിരം തീർപ്പ് കൽപ്പിക്കാൻ പറ്റുന്നതാണോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | പ്രസ്തുത പ്രശ്നം വില്ലേജ് ഓഫീസ് മുഖാന്തിരം തീർപ്പ് കൽപ്പിക്കാൻ കഴിയില്ല. ബന്ധപ്പെട്ട താലൂക്കിലെ ഭൂരേഖ തഹസിൽദാർക്ക് കേരള സർവ്വെ അതിരടയാള ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഫോറം 8 ൽ അപേക്ഷ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ